ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:22.01.2025**

## പ്രധാനവാർത്തകൾ

1. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിന് ഇന്ന് തുടക്കം ; സുഗതോത്സവത്തിന്റെ സമാപന സമ്മേളനവും മാവേലിക്കര വിദ്യാദിരാജ വിദ്യാപീഠം സൈനിക് സ്കൂളും കേന്ദ്ര മന്ത്രി ഉദ്ഘാടനം ചെയ്യും.

2. നെല്ല് സംഭരണത്തിലുള്ള പ്രതിസന്ധി പരിഹരിക്കാൻ കർഷകർക്കായി പ്രത്യേക സഹായ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചതായി കൃഷി മന്ത്രി പി പ്രസാദ് നിയമസഭയിൽ.

3. ഒരു ദശാബ്ദം പൂർത്തിയാക്കി ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ. പരിവർത്തനാത്മകവും ജനശക്തിയുള്ളതുമായ സംരംഭമായി പദ്ധതി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

4. മണിയാർ ജല വൈദ്യുതി പദ്ധതി കരാർ സംബന്ധിച്ച് വ്യവസായ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി.

5. ഇന്ത്യ-ഇംഗ്ലണ്ട് ട്വൻറി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് കൊൽക്കത്തയിൽ തുടക്കം ; ISL ഫുട്ബോളിൽ ഇന്ന് ബെംഗളൂരു- ഒഡീഷ പോരാട്ടം.

*************************************

RNU TVPM

## രാജ്യരക്ഷാ മന്ത്രി-സന്ദർശനം

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിൽ എത്തും. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ രണ്ട് ഔദ്യോഗിക പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. മാവേലിക്കര വിദ്യാദിരാജ വിദ്യാപീഠം സൈനിക് സ്കൂളിൻറെ ഉദ്ഘാടനം രാജ്യരക്ഷാ മന്ത്രി ഇന്ന് ഉച്ചക്ക് ശേഷം നിർവഹിക്കും.

*************************************

## മന്ത്രി രാജ്നാഥ് സിങ് ... ഇൻട്രോ

കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങൾക്ക് സമാപനംകുറിച്ച് നടക്കുന്ന സുഗതോത്സവം നവതി സമാപന സഭ ഇന്ന് നടക്കും. കേന്ദ്രമന്ത്രി രാജ്നാഥ് സിങ് വൈകീട്ട് നാലിന് ആറന്മുള വിജയാനന്ദ വിദ്യാപീഠം സ്കൂളിൽ പരിപാടി ഉദ്ഘാടനം ചെയ്യും. ഇതിന്റെ ഭാഗമായി ആറന്മുളയിലും സമീപപ്രദേശങ്ങളിലും ഭാഗങ്ങളിൽ ഗതാഗത നിയന്ത്രണമുണ്ടാകും. ഉച്ചക്ക് 2.30 മുതലാവും വാഹനങ്ങൾ വഴിതിരിച്ച് വിടുക.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........**

(വോയ്സ്)

*************************************

## നിയമസഭ- മുഖ്യമന്ത്രി

എറണാകുളം പുത്തൻവേലിക്കരയിൽ നാല് വയസ്സുള്ള പെൺകുട്ടിയെ അയൽവാസി ലൈംഗികമായി പീഡിപ്പിച്ച സംഭവത്തിൽ ചെങ്ങമനാട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സഭയെ

RJU TVPM

അറിയിച്ചു. പ്രതിപക്ഷ നേതാവ് വി ഡി സതീശന്റെ സബ്മിഷന് മറുപടി പറയുകയായിരുന്നു അദ്ദേഹം. ഒളിവിൽ പോയ പ്രതിയെ പിടികൂടുന്നതിനായി പ്രതിയുടെയും ബന്ധുക്കളുടെയും ഫോൺകോൾ വിവരങ്ങൾ ഉൾപ്പെടെ ശേഖരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

*************************************

## നിയമസഭ - പി പ്രസാദ് (ഇൻട്രോ)

നെല്ല് സംഭരണത്തിലുള്ള പ്രതിസന്ധി പരിഹരിക്കാൻ കർഷകർക്കുള്ള പ്രത്യേക സഹായ പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചതായി കൃഷി മന്ത്രി പി പ്രസാദ്. നിയമസഭയിൽ ശ്രദ്ധക്ഷണിക്കലിന്റെ മറുപടിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ വികേന്ദ്രീകൃതമായ നെല്ല് സംഭരണം നടത്തുന്ന സംസ്ഥനമാണ് കേരളമെന്നും താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസും നൽകിയാണ് നെല്ല് സംസ്ഥാനത്ത് സംഭരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

(വോയിസ്.......)

*************************************

## മണിയാർ പദ്ധതി

മണിയാർ ജല വൈദ്യുത പദ്ധതി സംബന്ധിച്ച് കെ എസ് ഇ ബിയും കാർബോറാൻഡം കമ്പനിയും തമ്മിലുള്ള കരാർ കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ പദ്ധതി തിരിച്ച് നൽകേണ്ടതാണെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി നിയമസഭയിൽ പറഞ്ഞു. പദ്ധതി ഏറ്റെടുക്കണമെന്ന നിലപാടാണ് കെ എസ് ഇ ബി-യ്ക്കെന്നും എന്നാൽ വ്യവസായ അന്തരീക്ഷം കണക്കിലെടുത്ത് കരാർ നീട്ടണമെന്നാണ് വ്യവസായ വകുപ്പിൻറെ ആവശ്യമെന്നും അദ്ദേഹം പറഞ്ഞു. വിഷയം ചർച്ചയിലൂടെ പരിഹരിക്കാനാണ്

ശ്രമിക്കുന്നതെന്നും രമേശ് ചെന്നിത്തലയുടെ സബ്മിഷന് മറുപടിയായി അദ്ദേഹം പറഞ്ഞു.

********************************

## നിയമസഭ-ചികിത്സാ സഹായം

കായംകുളം ദേവാ കമ്മ്യൂണിക്കേഷൻറെ നാടക വാഹനം അപകടത്തിൽപ്പെട്ട് വൻ നഷ്ടമുണ്ടായ സംഭവത്തിൽ നാടക സമിതിക്ക് സഹായം നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതായി മന്ത്രി സജി ചെറിയാൻ നിയമസഭയെ അറിയിച്ചു. അപകടത്തിൽ രണ്ട് നാടക കലാകാരികൾ മരണപ്പെടുകയും സമിതിയിലെ മറ്റ് 12 പേർ പരിക്കേൽക്കുകയും ചെയ്തിരുന്നു. പരിക്കേറ്റവരുടെ ചികിത്സാ ചെലവുകൾ പൂർണ്ണമായും സർക്കാരാണ് വഹിച്ചതെന്നും മന്ത്രി അറിയിച്ചു.

********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

********************************

## സജി ചെറിയാൻ

2023 ലെ സംസ്ഥാന ടെലിവിഷൻ അവാർഡുകൾ ഇന്ന് പ്രഖ്യാപിക്കും. തിരുവനന്തപുരത്ത് ഉച്ചയ്ക്ക് 12.30 ന് മന്ത്രി സജി ചെറിയാനാണ് അവാർഡ് പ്രഖ്യാപിക്കുന്നത്.

********************************

## ബേട്ടി ബച്ചാവോ ബേട്ടി പഠാവോ ഇൻട്രോ

പെൺകുട്ടികളെ സംരക്ഷിക്കുന്നതിനും, വിദ്യാഭ്യാസം നൽകുന്നതിനും, ശക്തീകരിക്കുന്നതിനുമുള്ള ശ്രമങ്ങളുടെ അടയാളമായ, ബേട്ടി ബച്ചാവോ ബേട്ടി പഠാവോ

RNU TVPM

പദ്ധതിയുടെ പത്താം വാർഷികം ഇന്ന്. പരിവർത്തനാത്മകവും ജനശക്തിയുള്ളതുമായ സംരംഭമായി പദ്ധതി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ന്യൂഡൽഹിൽ ഇന്ന് മുതൽ അന്താരാഷ്ട്ര വനിത ദിനമായ അടുത്ത മാസം 8-ാം തീയതി വരെ നടക്കുന്ന ആഘോഷ പരിപാടിയിൽ സായുധ സേന, പാരാ മിലിട്ടറി സേന, ഡൽഹി പോലീസ് അംഗൻവാടി ജീവനക്കാർ തുടങ്ങിയ മേഖലകളിലെ വനിതകൾ പങ്കെടുക്കുമെന്ന് കേന്ദ്ര മന്ത്രാലയം അറിയിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നടപ്പാക്കുന്ന Collector's Super - 100 പ്രോഗ്രാമിനെക്കുറിച്ച് വനിതാ ശിശു വികസന വകുപ്പ് ജില്ലാ ഓഫീസർ പി എസ് തസ്നീം ആകാശവാണി വാർത്തകളോട്...........

(വോയ്സ്)

RNU TVPM

*********************************

## ഭരണാനുമതി

മലപ്പുറം ജില്ലയിലെ നാല് സുപ്രധാന റോഡുകൾ ബിഎംബിസി നിലവാരത്തിൽ നവീകരിച്ച് നിർമിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് 11 കോടി രൂപയുടെ ഭരണാനുമതി നൽകിയതായി മന്ത്രി പി.എ. മുഹമ്മദ് റിയാസ് അറിയിച്ചു. തിരൂരങ്ങാടി, കൊണ്ടോട്ടി എന്നിവടങ്ങളിലെ റോഡുകളാണ് നവീകരിക്കുന്നത്.

*********************************

## ഇടുക്കി വണ്ണപ്പുറം.. (ഇൻട്രോ)

കോടമഞ്ഞിന്റെയും പച്ചപ്പിൻറെയും അവിസ്മരണീയ കാഴ്ച്ചയൊരുക്കി സഞ്ചാരികളുടെ മനം കവരുകയാണ് ഇടുക്കിയിലെ വണ്ണപ്പുറം കോട്ടപ്പാറ വ്യൂ പോയിന്റ്. ദിവസേന നൂറ് കണക്കിന് സഞ്ചാരികളാണ് ഇവിടേക്കെത്തുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......**

**(വോയ്സ്)**

***********************************

**ഐ എസ് എൽ**

I S L ഫുട്ബോളിൽ ഇന്ന്, ബെംഗളൂരു FC - ഒഡീഷ FC യെ നേരിടും. രാത്രി 07:30 ന് ബെംഗളൂരുവിലെ ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിലാണ് മത്സരം.

***********************************

**ട്വൻറി-20**

ഇന്ത്യ-ഇംഗ്ലണ്ട് ട്വൻറി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. അഞ്ച് മത്സരങ്ങളുള്ള പരമ്പര ഇന്ന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ ആരംഭിക്കും.

RNU TVPM

***********************************

**പണിമുടക്ക്**

സംസ്ഥാനത്തെ ഒരു വിഭാഗം സർക്കാർ ജീവനക്കാരും അധ്യാപകരും സംസ്ഥാന വ്യാപകമായി ആഹ്വാനം ചെയ്ത സൂചനാ പണിമുടക്ക് ആരംഭിച്ചു. ശമ്പള കമ്മിഷൻ പ്രഖ്യാപിക്കുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് സി.പി.ഐയുടെ സർവീസ് സംഘടനയായ ജോയിൻറ് കൗൺസിലിൻറെയും പ്രതിപക്ഷ സംഘടനകളുടെ കൂട്ടായ്മയായ സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് ഓർഗനൈസേഷൻറെയും നേതൃത്വത്തിലാണ് പണിമുടക്ക്. ജോലിക്ക് ഹാജരാകാതെ ജീവനക്കാർ പണിമുടക്കിൽ പങ്കെടുക്കുന്നത് ഡയസ് നോൺ ആയി കണക്കാക്കുമെന്നും പണിമുടക്കുന്ന ദിവസത്തെ ശമ്പളം ഫെബ്രുവരിയിലെ

ശമ്പളത്തിൽ നിന്ന് കുറവു ചെയ്യുമെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു.

***********************************

## ഓഹരി സ്വർണ്ണം

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 143 പോയിൻറ് ഉയർന്ന് 75,981 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 10 പോയിന്റ് ഉയർന്ന് 22,091 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവിലയിൽ റെക്കോർഡ് വർധന. ഒരു പവൻ സ്വർണ്ണത്തിൻറെ വില 60,000 കടന്നു. 60, 200 ആണ് ഇന്നത്തെ വില . ഗ്രാമിന് 7,525 രൂപയാണ്.

***********************************

## നബാർഡ്

നബാർഡിൻറെ സംസ്ഥാന ക്രഡിറ്റ് സെമിനാറിന് തിരുവനന്തപുരത്ത് തുടക്കമായി. ധനമന്ത്രി കെ എൻ ബാലഗോപാൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഭാഗമായി മികച്ച F P O-യ്ക്കുള്ള അവാർഡ് കട്ടപ്പന ഹിൽ റേഞ്ച് ട്രൈബൽ പ്രൊഡ്യൂസർ കമ്പനി നേടി.

RNUTVPM

********************************** **********************************